# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3666 | 20/10/2016 -ൽ മറുപടിക്ക്

### സ്കൂൾ കുട്ടികളിൽ കായിക അഭിരുചി വളർത്താൻ കർമ്മ പരിപാടികൾ

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ
" എ.പി.അനിൽ കുമാർ
" അടൂർ പ്രകാശ്
" എൽദോസ് കുന്നപ്പിള്ളി

**ഉത്തരം**

പ്രൊ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സ്കൂൾ കുട്ടികളിൽ കായിക അഭിരുചി വളർത്താൻ എന്തെല്ലാം കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 2009 മുതൽ 2011 വരെ നടത്തിയ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുമായി ബന്ധപ്പെട്ട് (Total Fitness Programme) നടത്തിയ പഠന ങ്ങളിൽ സ്കൂൾ കുട്ടികളുടെ കായികക്ഷമത കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേ തുടർന്ന് സ്കൂളുകളിലെ കായിക പരിശീലനം ഊർജ്ജിതപ്പെടുത്തുവാനുള്ള നിർദ്ദേശം കായികാദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.കായികാദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളിൽ ഈ വിഷയം നിരന്തരമായി ചർച്ച ചെയ്യുകയും ചെയ്യുന്നു. എന്നാൽ എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരില്ലാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ ഇതു സംബന്ധമായ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും കാര്യമായി നടപ്പാക്കപ്പെടുന്നില്ല. അതിനാൽ 2016-2017 അദ്ധ്യയന വർഷം മുതൽ 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്കൂളുകളിൽ കലാകായിക വിഷയ ങ്ങളിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ഏതെല്ലാം വകുപ്പുകളാണ് ഈ പരിപാടികളുമായി സഹകരിക്കുന്നത്; വിവരിക്കുമോ; | |
| (സി) | എത്ര സ്കൂളുകളിലാണ് ഇത് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ